പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**ആജീവിക സ്കിൽഡ് പ്രോഗ്രാം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1412 — 2.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.എ.ബേബി<br>" കെ.ദാസൻ<br>" കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആജീവിക സ്കിൽഡ് പ്രോഗ്രാമിന്റെ വിശദാംശങ്ങൾ നൽകാമോ ; | (എ) | കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ആജീവിക സ്കിൽസ്)യിലൂടെ 18-35 ഇടയിൽ പ്രായമുള്ള യുവതിയുവാക്കൾക്കും 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കും വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും തുടർന്ന് സംഘടിത മേഖലയിൽ ജോലി നൽകുകയും ചെയ്യുന്നു. മൂന്ന് മുതൽ പന്ത്രണ്ട് മാസം വരെയുള്ള പരിശീലന കാലയളവിൽ തൊഴിൽ പരിശീലനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷ, കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ എന്നിവയിലും പരിശീലനം നൽകി എൻസിവിറ്റി/എസ്.എസ്.സി. സർട്ടിഫിക്കറ്റും നൽകുന്നു. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ യുവജനങ്ങൾ ആയതുകൊണ്ട് പരിശീലനം പൂർണമായും സൗജന്യമാണ്. 30,000 പേർക്ക് തൊഴിൽ പരിശീലനം നൽകുവാനാണ് പ്രഥമ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. |
| (ബി) | പദ്ധതിയിലൂടെ 2014-15 ൽ ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കാമോ ; | (ബി) | പദ്ധതിയിലൂടെ 2014-15 ൽ സംസ്ഥാനത്ത് 30,000 ഗ്രാമീണ യുവതിയുവാക്കൾക്ക് പരിശീലനം നൽകുകയും 75% പേർക്ക് തൊഴിൽ നൽകുക യുമാണ് പരമപ്രധാനമായ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി 23 പ്രോഗ്രാം ഇംപ്ലിമെന്റിംഗ് ഏജൻസികളുമായി കുടുംബശ്രീ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാർ നൽകിയ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ യെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | പദ്ധതിയുടെ 2014-15 ലെ ബഡ്ജറ്റിന് അംഗീകാരം ലഭിച്ചത്, 2014 ഡിസംബർ മാസം ആണ്. ആകെ പദ്ധതി തുകയായ 120 കോടി രൂപയുടെ 50% തുക (കേന്ദ്ര സർക്കാർ വിഹിതം 75% + സംസ്ഥാന സർക്കാർ വിഹിതം 25%)യായ 60 കോടി രൂപ കുടുംബശ്രീക്ക് 2014 ഡിസംബർ മാസം ലഭിച്ചു. ഇതിനെ തുടർന്ന് 2015 ഫെബ്രുവരി മാസം 23 ഏജൻസികളുമായി കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു. 2015 മാർച്ച് മാസം പ്രസ്തുത ബില്ലിൽ നിന്ന് അതാത് ഏജൻസികളുടെ പദ്ധതി തുകയുടെ 25% തുക ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. 63% തുക 2015 മെയ് മാസത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പോരായ്മകൾ കടന്നുകൂടിയിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പോരായ്മകൾ കടന്നുകൂടിയിട്ടുള്ളതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ